വപ്പെടുന്നതുമായ ഏതാനും ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നകാര്യം പരിഗണനയിലാണ്.

(സി) ഇങ്ങനെ ഒരു നിർദ്ദേശം പരിഗണനയിൽ ഇല്ല.

ഗ്രാമപഞ്ചായത്ത് വിഭജനം

90 (2888)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വിഭജനം, വാർഡ് വിഭജനം ഇവ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിൽ നിലവിലുള്ള വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പുതിയതായി ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ-സി) അൻപതിനായിരത്തോളം ജനസംഖ്യയുള്ളതും ഭൂമിശാസ്ത്രപരമായ വിസ്തൃതി കാരണം പഞ്ചായത്ത് ഭരണത്തിൽ വിഷമത അനുഭവപ്പെടുന്നതുമായ ഏതാനും ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നകാര്യം പരിഗണനയിലാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വാർഡുകൾ വിഭജിക്കുന്നകാര്യം പരിഗണനയിൽ ഇല്ല.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച് കൂടുതൽ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നടപടി

91 (2889) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച് കൂടുതൽ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വയനാട് ജില്ലയിലെ പുതാടി, നെൻമേനി പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) അൻപതിനായിരത്തോളം ജനസംഖ്യയുള്ളതും ഭൂമിശാസ്ത്രപരമായ വിസ്തൃതി കാരണം പഞ്ചായത്ത് ഭരണത്തിൽ വിഷമത അനുഭവപ്പെടുന്നതുമായ ഏതാനും ഗ്രാമ പഞ്ചായത്തുകൾ വിഭജിക്കുന്നകാര്യം പരിഗണനയിലാണ്.

(ബി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly